<u>A3 -1168/2013</u>

മുളന്തുരുത്തി മേൽപ്പാലം നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലമെടുപ്പ് നടപടിയുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ കോതമംഗലം യൂത്ത് സോഷ്യൽ ഓർഗനൈസേഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി ചെയർമാന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട്.

മുളന്തുരുത്തി മേൽപ്പാല നിർമ്മാണത്തിനായി RBDCK പാലാരിവട്ടം 2013 ലെ LARR Act പ്രകാരം മുളന്തുരുത്തി വില്ലേജിൽ Block 23 ൽ വിവിധ സർവ്വേ നമ്പറുകളിലായി 58.85 ആർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥന നല്കിയിട്ടുള്ളതിൻറെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ. എച്ച്. നമ്പർ 3 വൈറ്റിലയെ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതാണ് .

LARR Act 2013 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി കോതമംഗലം യൂത്ത് സോഷ്യൽ ഓർഗനൈസേഷനെ തിരഞ്ഞെടുത്തിട്ടുള്ളതും LARR Act 2013 പ്രകാരമുള്ള 4(1) നോട്ടിഫിക്കേഷൻ ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതും രണ്ടു മാസത്തിനുള്ളിലും ആറ് മാസത്തിൽ കവിയാതെയും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നതുമാണ്. അപ്രകാരം സാമൂഹ്യ പ്രത്യാഘാത പഠന പഠനത്തിന്റെ അന്തിമ റിപ്പോർട്ട് 1-8-2018 നു SIA യൂണിറ്റ് സമർപ്പിച്ചിട്ടുള്ളതാണ്.

പ്രസ്തുത റിപ്പോർട്ടിൻ പ്രകാരം മുളന്തുരുത്തി മേൽപ്പാലം പദ്ധതി മുളന്തുരുത്തി ചോറ്റാനിക്കര പ്രദേശങ്ങളിലെ (ചെങ്ങോലപ്പാടം ലെവൽ ക്രോസ്സിലെ) ഗതാഗത കുരുക്ക് ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുന്നതിന് RFCT LARR Act 2013, 7 വകുപ്പ് 5 ഉപവകുപ്പു (1) ൽ നിഷ്കർഷിക്കും പ്രകാരം മുളന്തുരുത്തി മേൽപ്പാലം ഒരു പൊതു ആവശ്യത്തിന് ഉതകുന്നതാണെന്നു കമ്മിറ്റി അംഗീകരിച്ചു. RFCT LARR Act 2013, 7 വകുപ്പ് 5 ഉപവകുപ്പു (2) ൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുനഃസ്ഥാപനം എന്നിവ അർഹരായ കുടുംബങ്ങൾക്ക്

നല്കുന്നത് വഴി പദ്ധതിയുടെ പ്രത്യാഘാതം കുറയ്ക്കാവുന്നതാണെന്നും അപ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പ്രോജക്ടിന്റെ ഭാഗമായുണ്ടാകാവുന്ന സാമൂഹ്യാ ചെലവുകളെയും സാമൂഹ്യാ പ്രത്യാഘാതങ്ങളെയും അപേക്ഷിച്ച് വളരെ വലുതാണെന്നും വിദഗ്ദ്ധ സമിതി അഭിപ്രായപ്പെട്ടു. ഈ പദ്ധതിയുടെ നേട്ടങ്ങൾ കോട്ടങ്ങളെക്കാൾ വലുതാണെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾക്ക് ആവശ്യമായ അംഗീകാരം നൽകാവുന്നതാണ് .

ഇത് സംബന്ധിച്ച് 26-9-2018 തീയതി ഉച്ചയ്ക്ക് ശേഷം 3 മണിയ്ക്ക് വിദഗ്ധ സമിതി ചെയർമാന്റെ അധ്യക്ഷതയിൽ നടത്തിയ വിദഗ്ധ സമിതി യോഗത്തിൽ മേൽ പറഞ്ഞ വസ്തുതകൾ വിശദമായി ചർച്ച ചെയ്തിട്ടുള്ളതും പ്രസ്തുത പ്രൊജക്റ്റ് അംഗീകരിക്കുന്നതിന് ഏക സ്വരത്തിൽ യോഗത്തിൽ തീരുമാനിക്കുകയും ഈ തീരുമാനം കമ്മിറ്റിയിൽ പങ്കെടുത്ത എല്ലാവരും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽ പറഞ്ഞ വസ്തുത കളുടെ അടിസ്ഥാനത്തിൽ ടി നടപടികൾക്ക് അംഗീകാരം ലഭിക്കുന്നതിനായി ബഹു.ജില്ലാ കളക്ടർ മുമ്പാകെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

വൈറ്റില,
തീയതി: 26/9/18

വിദഗ്ധ സമിതി ചെയർമാൻ &
സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)
എൻ. എച്ച്.നമ്പർ 3